**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 969** **10-06-2021 - ൽ മറുപടിയ്ക്ക്**

**മലയോരകർഷകർക്ക് പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ | | **Shri. K. Rajan**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പമന്ത്രി) | |
| (എ) | കോന്നി നിയോജക മണ്ഡലത്തിലെ മലയോര കർഷകർക്ക് പട്ടയം ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള അനുമതി ലഭിച്ചിട്ടുണ്ടോ; അറിയിക്കാമോ; | (എ) | കോന്നി നിയോജക മണ്ഡലത്തിലെ മലയോര കർഷകർക്ക് പട്ടയം ലഭ്യമാക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടില്ല. |
| (ബി) | നിലവിലുള്ള സ്ഥിതി വിശദമാക്കാമോ? | (ബി) | പത്തനംതിട്ട ജില്ലയിൽ 01/01/1977-ന് മുമ്പ് വനഭൂമി കുടിയേറി വച്ചുവരുന്ന ഭൂമിയ്ക്ക് പട്ടയം അനുവദിക്കുന്നതിലേയ്ക്കായി വനം വകുപ്പുമായി ചേർന്ന് നടത്തിയ സംയുക്ത പരിശോധനയിൽ വനഭൂമി കൈയ്യേറിയിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ള 1970.04 ഹെക്ടർ ഭൂമിയുടെ വിവരങ്ങൾ വനം വകുപ്പിന്റെ സഹായത്തോട് കൂടി Proposal No. FP/KL/ENCRH/8556/2012 ആയി കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയ്ക്കായി ഓൺലൈനായി സമർപ്പിച്ചിട്ടുണ്ട്. അതിൽ കോന്നി നിയോജകമണ്ഡലത്തിലെ മലയോര കർഷകർക്ക് പട്ടയം നൽകുന്നതും ഉൾപ്പെട്ട് വരുന്നു. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ കോന്നി നിയോജക മണ്ഡലത്തിലെ മലയോര കർഷകർക്ക് പട്ടയം നൽകുന്ന വിഷയത്തിൽ തുടർനടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ